എം.എൽ.എ.മാർക്കുള്ള ഭവന നിർമ്മാണ വായ്പ

113 (896)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർക്ക് ഭവന നിർമ്മാണ ബോർഡ് മൂന്നുലക്ഷം രൂപ വരെ വായ്പ കൊടുക്കുന്നതിൽ എച്ച്.ഡി.എഫ്.സി.യുടേയും സർക്കാരിന്റേയും വിഹിതം എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) കടം എടുക്കുന്ന തുകയ്ക്ക് വാർഷികാടിസ്ഥാനത്തിൽ പലിശ കണക്കാക്കി തിരിച്ചടവു നടത്തുന്നതിനുള്ള വ്യവസ്ഥയാണോ എച്ച്.ഡി.എഫ്.സി. ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) എങ്കിൽ ആദ്യതവണ മുതൽ എല്ലാ പ്രതിമാസ തവണകളിലും വർഷങ്ങളായി ഒരേ തുക തന്നെ ഈടാക്കുന്നത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം തവണതുക ഈടാക്കുന്നരീതി ബോർഡ് അനുവർത്തിച്ചുപോരുന്നു എന്നു അവകാശപ്പെടുന്ന "ഇക്കോറ്റഡ് മന്തിലി ഇൻസ്റ്റാൾമെന്റു പ്രിൻസിപ്പലി"നു വിരുദ്ധമല്ലേ;

(ഇ) ഈ അപാകത തിരുത്തി വർഷാവർഷം ബാക്കി അടയ്ക്കേണ്ട തുകയ്ക്കു പലിശ കണക്കാക്കി പ്രതിമാസമുള്ള തിരിച്ചടവ് തുക തിട്ടപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.എൽ.എ./എം.പി.മാർക്ക് ഭവന നിർമ്മാണ ബോർഡ് 50,000/- മുതൽ പരമാവധി 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിൽ ആദ്യത്തെ ഒരു ലക്ഷം രൂപ എച്ച്.ഡി.എഫ്.സി.യിൽ നിന്നും ബാക്കി വരുന്ന രണ്ടു ലക്ഷം രൂപ സർക്കാരിൽ നിന്നും സ്വരൂപിക്കുന്ന വായ്പയിൽ നിന്നുമാണ് നൽകുന്നത്.

(ബി) അതെ.

(സി) തിരിച്ചടവ് 180 തുല്യ മാസത്തവണകളായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. വായ്പ തുകയ്ക്കുള്ള പലിശ വാർഷികാടിസ്ഥാനത്തിലാണ് കണക്കാക്കുന്നതെങ്കിലും ആയത് 180 തുല്യതുകയായി പ്രതിമാസ തിരിച്ചടവ് ഗഡുക്കളിൽ നിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ പലിശ കഴിച്ചുള്ള തുകയാണ് ഓരോ മാസവും മുതലിൽ വരവ് ചെയ്യുന്നത്.

(ഡി) അല്ല. ഇക്കോറ്റഡ് മന്തിലി ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയാണ് തവണ തുക ഈടാക്കുന്നതിന് ബോർഡ് അനുവർത്തിച്ചുവരുന്ന രീതി (അതായത് 3 ലക്ഷം രൂപയ്ക്ക് 2834/- രൂപ അതായത് 88.50 രൂപ ഗവൺമെന്റ് ഗ്യാരന്റി കമ്മിഷനും ഉൾപ്പെടെ) നിരക്കിൽ 180 പ്രതിമാസ തവണ. ഈ വ്യവസ്ഥ പ്രകാരം ഗുണഭോക്താവ് അടയ്ക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ പലിശ കുറഞ്ഞും മുതൽ കൂടിയും വരുന്നതാണ്.

(ഇ) വർഷാവർഷം ബാക്കി അടയ്ക്കേണ്ട തുകയ്ക്ക് പലിശ കണക്കാക്കി തിരിച്ചടവ് തവണയിൽനിന്നും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly